# 86. യേശു എൻ ആത്മസഖേ

*(3rd tune)*

Aberystwyth - 7.7.7.7.D. Dr. Joseph Parry




2 വേറെ സങ്കേതമില്ലേ
എനിക്കാശ്രയം നീ താൻ
നാഥാ കൈവെടിയല്ലേ
കാത്തുരക്ഷിക്ക സദാ
കർത്താ നീ എൻ ആശ്രയം
തൃപ്പാദം എൻ ശരണം
നിൻ ചിറകിൻ കീഴെന്നും
ചേർത്തു സൂക്ഷിച്ചീടണം.

3 ക്രിസ്തോ, എൻ ആവശ്യങ്ങൾ
നിന്നാൽ നിറവേറുന്നു
ഏഴകൾ നിരാശ്രയ(ർക്ക്)
ആധാരം നീയാകുന്നു
നീതിമാൻ നീ നിർമ്മലൻ
മഹാമ്ലേച്ഛൻ ഞാൻ മുറ്റും
പാപി ഞാൻ മാ പാപി ഞാൻ
കൃപ, സത്യം നീ മുറ്റും

4 കാരുണ്യവാരാന്നിധേ,
കൻമഷം കഴുകുകേ
നിത്യജീവവെള്ളമെൻ
ചിത്തം ശുദ്ധമാക്കട്ടെ
ജീവന്നുറവാം നാഥാ
ഞാനേറെ കുടിക്കട്ടെ
എന്നുള്ളിൽ ഉയരുക
നിത്യകാലമൊക്കവെ